## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3218** **15.02.2013-ൽ മറുപടിക്ക്**

## ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ സോഡിയം വേപ്പർ ലാമ്പുകൾ

ചോദ്യം

ശ്രീ. തോമസ് ചാണ്ടി:

കുട്ടനാട് നിയോജകമണ്ഡലത്തിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ കെ.എസ്.ടി.പി. സ്ഥാപിച്ചിട്ടുള്ള സോഡിയം വേപ്പർ ലാമ്പുകൾ കത്തിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

മറുപടി

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിൽ-പ്പെടുത്തി നിർമ്മിച്ച ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ സ്ഥാപിച്ച തെരുവുവിളക്കുകൾ കത്തിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി അതാതു ഗ്രാമപഞ്ചായത്തുകൾക്ക് ഇതിന്റെ വയറിംഗ് ഡ്രോയിംഗ് സഹിതം കൈമാറിയിട്ടുണ്ട്. ഈ വിളക്കുകൾ കത്തിക്കുന്നതിൽ കാലതാമസം വന്നതിനാൽ ആലപ്പുഴ ജില്ലാകളക്ടർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്, കെ.എസ്.റ്റി.പി, വൈദ്യുത ബോർഡ് ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേർന്ന് ചർച്ച നടത്തുകയും ബന്ധപ്പെട്ട പഞ്ചായത്തുകളോട്, തെരുവുവിളക്ക് കത്തിക്കുവാനുള്ള അനുവാദം വൈദ്യുതി ബോർഡിൽ നിന്ന് ലഭ്യമാക്കി അടിയന്തിരമായി വിളക്കുകൾ കത്തിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ